**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5132** **04-07-2024 - ൽ മറുപടിയ്ക്ക്**

**ഗിഗ് തൊഴിലാളികൾക്കായി ക്ഷേമനിധി ബോർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. അൻവർ സാദത്ത്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഗിഗ് തൊഴിലാളികളുടെ കണക്ക് ലഭ്യമാക്കുമോ; | (എ) | ഗിഗ് തൊഴിലാളികളുടെ എണ്ണം തൊഴിൽ വകുപ്പ് ശേഖരിച്ചിട്ടില്ല. |
| (ബി) | ഗിഗ് തൊഴിലാളികൾക്കായി ഒരു ക്ഷേമനിധി ബോർഡും സമർപ്പിത സാമൂഹിക സുരക്ഷാ ഫണ്ടും സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | ഗിഗ്/പ്ലാറ്റ്ഫോം തൊഴിലാളി നിർവചനത്തിലുൾപ്പെടുന്ന മുഴുവൻ തൊഴിലാളികളുടെയും അവരുടെ പ്രാഥമിക തൊഴിൽ ഉടമകൾ, അഗ്രഗേറ്റർമാർ എന്നിവരുടേയും സേവന വേതന വ്യവസ്ഥകൾ നിർണ്ണയിക്കുന്ന ഒരു നിയമവും നിലവിലില്ലാത്ത സാഹചര്യത്തിൽ ഗിഗ് തൊഴിലാളികളുടെ തൊഴിൽ നിലവാരം, ക്ഷേമപ്രവർത്തനങ്ങൾ, സേവന വേതന വ്യവസ്ഥകൾ എന്നിവ ക്രമീകരിക്കുന്നതിനും പ്രാഥമിക തൊഴിലുടമകളുടെയും അഗ്രഗേറ്റർമാരുടെയും ചുമതലകൾ ക്രമീകരിക്കുന്നതിനുമായി കേരള സംസ്ഥാന പ്ലാറ്റ്ഫോം അധിഷ്ഠിത ഗിഗ് വർക്കർ (രജിസ്ട്രേഷനും ക്ഷേമവും) ബിൽ എന്ന പേരിൽ നിയമനിർമ്മാണം നടത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.<br><br>സർക്കാർ പരിഗണനയിലുള്ള ഗിഗ് തൊഴിലാളികൾക്കായുള്ള നിയമനിർമ്മാണ ബില്ലിൽ ഒറ്റ ക്ഷേമനിധി ബോർഡിനു കീഴിൽ ഗിഗ് തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി ഒരു ക്ഷേമനിധി പദ്ധതിയും, പ്ലാറ്റ്ഫോം അധിഷ്ഠിത ഗിഗ് തൊഴിലാളികൾക്കായി കേരള പ്ലാറ്റ്ഫോം അധിഷ്ഠിത ഗിഗ് വർക്കർമാരുടെ ക്ഷേമനിധി പദ്ധതി എന്ന മറ്റൊരു പദ്ധതിയും രൂപീകരിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ